പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2092 13.06.2019 ൽ മറുപടിക്ക്

## വർക്കല മണ്ഡലത്തിലെ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം<br>ശ്രീ.വി. ജോയി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വർക്കല മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ വർക്കല മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ചെമ്മരുതി പി.എച്ച്.സിയെ കുടുംബാരോഗ്യകേന്ദ്രമായി മാറ്റുകയും ടി സ്ഥാപനത്തിന് അധികമായി ഒരു ഡോക്ടറുടെയും രണ്ട് സ്റ്റാഫ് നേഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും ഒരു ഫാർമസിസ്റ്റിന്റെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ടി ഫാമിലി ഹെൽത്ത് സെന്റർ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ സേവനം നൽകി വരുന്നു. കൂടാതെ പ്രീ ചെക്ക് സേവനവും നൽകി വരുന്നു.ചെമ്മരുതി ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫിസിയോതെറാപ്പിസ്റ്റിനെ നിയമിച്ചുകൊണ്ട് സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആധാർ രജിസ്ട്രേഷൻ 90% പൂർത്തിയാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് ഹോസ്പിറ്റൽ മൊഡ്യൂൾ പ്രവർത്തനക്ഷമമായിട്ടുണ്ട് .ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക്, സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി എന്നിവയും പ്രവർത്തിച്ചു വരുന്നു. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണെന്നു വ്യക്തമാക്കാമോ? | (ബി) | ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ വർക്കല മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ചെമ്മരുതി പി.എച്ച്.സി യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പി.എച്ച്.സി മടവൂർ/പി.എച്ച്.സി ഇടവ/പി.എച്ച്.സി വെട്ടൂർ/ പി.എച്ച് .സി തോണിപ്പാറ എന്നീ പി.എച്ച്.സി കളെ എഫ്.എച്ച്.സി ആയി ഉയർത്തി ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനത്തിലേക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എൻ.എച്ച്.എം വഴി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ